# ഉജ്ജ്വലമുഹൂർത്തം

ഡോ. ഹേമമാലിനി എം.

"പതിന്നാലു സംവത്സരം നഗരകാന്താര സീമകളിൽ വാഴാതെവയ്യ
തിരിച്ചെത്തുമ്പോഴെൻ പ്രിയ വൈദേഹിയെക്കാട്ടിലെറിയാതെ വയ്യ"
(യാത്രാമൊഴി, ബാലചന്ദ്രൻ ചുള്ളിക്കാട്, 1976)

"ഇല്ല പറഞ്ഞയിച്ചില്ലെന്നെ രാഘവൻ
ഇന്നു പോകുന്നെന്നു ഞാനേ പറഞ്ഞാൾ"
(സീതാദർശനം, വിജയലക്ഷ്മി, 2013)

സീതാരാമന്മാരുടെ അവതാരങ്ങൾ അവസാനിക്കുന്നില്ല. വ്യഥിതകാലത്തും പതിതകാലത്തും അവർ പുതുകവിതകളിലൂടെ ജന്മങ്ങളെടുത്തു കൊണ്ടേയിരിക്കുന്നു. വാല്മീകിയുടെ ധർമ്മിഷ്ഠനായ രാമൻ കളങ്കിതനും, അനുതാപവിവശനുമൊക്കെയാകുമ്പോൾ സീത, മൂർച്ചയുള്ള വാക്കുകൾകൊണ്ട്, ചിലപ്പോൾ അതിലും മൂർച്ചയേറിയ മൗനംകൊണ്ട് തന്റെ കുലസ്ത്രീ പദവിയെ ചോദ്യം ചെയ്തുകൊണ്ടേയിരിക്കുന്നു. രാമായണത്തിലെ ഒരു സന്ദർഭമെടുത്ത് "ഉജ്ജ്വലമുഹൂർത്തം" വൈലോപ്പിള്ളി സൃഷ്ടിക്കുമ്പോൾ അത് രാമയാണത്തിന്റെ മറ്റൊരു പാഠമാകുന്നു. ലോകാനുസാരിയായ കഥ യുക്തിഭദ്രമായ ലയസിദ്ധിയോടെ ഈ കവിതയായി വാർന്ന് വീഴുമ്പോൾ ഒറ്റതിരിക്കാൻ തുടങ്ങിയാൽ നൂറിഴ കെട്ടുപിണയുന്ന ഹൃദയബന്ധമായി അതു ഭാവസാന്ദ്രതയുടെ കാണാക്കരകളിലേയ്ക്കെത്തിക്കുന്നു.

വാല്മീകിരാമായണം അയോദ്ധ്യാകാണ്ഡത്തിലെ 117,118,119 സർഗ്ഗങ്ങളിൽ വർണ്ണിച്ചിരിക്കുന്ന ശ്രീരാമന്റെ അത്ര്യാശ്രമപ്രവേശമാണ് 'ഉജ്ജ്വലമുഹൂർത്ത'ത്തിന്റെ കഥാതന്തു. രാമായണരംഗത്തിൽ നിന്നു വളരെ ചെറിയ ഭേദങ്ങളേ ഈ കവിതയിൽ കാണാനാകൂ എന്നാൽ ഈ അല്പവ്യത്യാസങ്ങളും കഥാസന്ദർഭത്തിന്നപ്പുറം കവി എഴുതുന്ന തുടർവരികളുമാണ് ഈ കവിതയെ ദീപ്തമാക്കുന്നത്. രാമായണത്തിൽ സീതാരാമന്മാർ ആശ്രമത്തിൽ പ്രവേശിച്ച് അത്രിമഹർഷിയെ കണ്ടതിനുശേഷം , മഹർഷി തന്റെ ഭാര്യയായ അനസൂയയെക്കുറിച്ച്, അവരുടെ തപശ്ശക്തിയെക്കുറിച്ച് വിവരിക്കുകയും അനന്തരം സീത അനസൂയയെ ചെന്നു കാണുകയും ചെയ്യുന്നു. പിന്നീട് സീതയും അനസൂയയും തമ്മിൽ പതിവ്രതാധർമ്മങ്ങളെക്കുറിച്ചുള്ള

സംഭാഷണമാണ്. സീതയിൽ സന്തുഷ്ടയായ അനസൂയ വിശിഷ്ടങ്ങളായ ആടയാഭരണങ്ങൾ നൽകുകയും സീതയുടെ സ്വയംവരകഥ കേൾക്കാൻ താൽപ്പര്യപ്പെടുകയും ചെയ്യുന്നുണ്ട്. നക്ഷത്രങ്ങളണിഞ്ഞ് രാത്രി വന്നെത്തുന്നതു നിരീക്ഷിച്ച അനസൂയ, സീതയോട് തന്റെ പാരിതോഷികങ്ങൾ അണിഞ്ഞുകാണാനുള്ള ആഗ്രഹത്തെ അറിയിച്ചതിൻപ്രകാരം അനസൂയയുടെ മുന്നിൽ നിന്നുവന്ന സീത, രാമനരികിലേക്ക് തിരിച്ചുപോകുന്നതിലൂടെ ആ രംഗം അവസാനിക്കുന്നു.

അത്രിമഹർഷിയും അനസൂയയും ഒരുമിച്ചുനിന്നു സീതാരാമന്മാരെ സ്വീകരിക്കുക, അത്രിമഹർഷിയുടെ അനസൂയയെക്കുറിച്ചുള്ള വർണ്ണനകൾ കവിവാക്യത്തിലാക്കി മാറ്റുക, സത്ക്കാരശേഷം ഏവരും സന്നിഹിതരായിരിക്കുന്ന വേദിയിലേയ്ക്ക് അലങ്കാരഭൂഷിതയായ സീതയെ ക്ഷണിക്കുക, വധുവായൊരുങ്ങി വന്ന സീതയെ മണാളനോട് ചേർത്തുനിർത്തി ദർശന സൗഭാഗ്യം മുകരുക എന്നിങ്ങനെയാണ് തന്റെ കവിതയിൽ പുരാണകഥയെ വൈലോപ്പിള്ളി ഭേദപ്പെടുത്തിയിരിക്കുന്നത്. ഈ ഭേദകല്പനകളിലൂടെ അനസൂയാസീതന്മാരെ കവി തന്റെ കഥാപാത്രങ്ങളാക്കി മാറ്റിയിരിക്കുന്നു.

മിത്തുകളും പുരാണങ്ങളും ഏതുകാലത്തും കവികളുടെ ഇഷ്ടസഞ്ചാര മേഖലകളാണ്. ഭൂതകാലത്തെ വർത്തമാനത്തോട്, കെട്ടുകഥയെ ചരിത്രത്തോട്, കഥകളെ അനുഭവങ്ങളോട് കൂട്ടിക്കെട്ടാനുള്ള തുടരുകളായി ഇവ സർഗ്ഗാത്മകതയോട് ചേർന്നു നിൽക്കുന്നു. പുരാണകഥകളെ ഉപസ്കരിക്കുവാൻ ഓരോ കവിക്കും സ്വന്തമായ രീതികളുണ്ട്. ക്ലാസ്സിക്ക്, റൊമാന്റിക്ക്, റിയലിസ്റ്റിക്ക് എന്നിങ്ങനെയുള്ള എഴുത്തുകാലങ്ങൾ : ഫ്യൂഡൽ, ക്യാപിറ്റലിസ്റ്റ്, സോഷ്യലിസ്റ്റ് എന്നീ സാമൂഹ്യകാലങ്ങൾ, മൂല്യബോധനം, ഉപഹാസം, ബിംബപ്രതിഷ്ഠ എന്നീ കാവ്യലക്ഷ്യങ്ങൾ - ഇവയ്ക്കെല്ലാം അനുസ്യൂതമായി ഈ രീതികൾ, ഓരോരുത്തരുടേയും കവിയടയാളങ്ങളായി മാറുന്നു.

പുരാണങ്ങളിൽ, സംസ്കൃതിയിൽ അഭിരമിക്കുന്ന ഒരു മനസ്സ് വൈലോപ്പിള്ളിയിലുണ്ട്. എന്നാൽ അവയിലെ പൗരാണികാംശങ്ങളേക്കാൾ ചരിത്രപരതയാണ് കവിക്ക് പഥ്യം. അതുകൊണ്ട് ഓണം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം വർഷത്തിലൊരിക്കൽ വന്നെത്തുന്ന ആഘോഷമല്ല മറിച്ച് മനുഷ്യന്റെ പലവിധ പ്രശ്നങ്ങൾക്കു പരിഹാരമെന്നു കവി കരുതുന്ന മാനവീകതയിലെ ആദർശമാകുന്നു. ഇതേ ചരിത്രാഭിമുഖ്യമാണ് കവിയെക്കൊണ്ട് ഈ കവിതയിലെ കഥയ്ക്കപ്പുറത്തുള്ള തുടർവരികളെഴുതിക്കുന്നതും. ഉത്തമനായ നരൻ ആരെന്നുള്ള ചോദ്യത്തിനു ഉത്തരമാണ് വാല്മീകിക്കു രാമൻ. രാമനിൽ ഉത്തമമനുഷ്യന്റെ നിർവ്വചനങ്ങൾ പൂർണ്ണമാകുകയും ചെയ്യുന്നു. വൈലോപ്പിള്ളിയാകട്ടെ "ദേവത്വത്തിന്റെ രക്തമാംസങ്ങളായ സ്നേഹവും സഹാനുഭൂതിയുമുള്ള" പൂർണ്ണമനുഷ്യനെ തന്റെ കവിതകളിലൂടെ അന്വേഷിച്ചുകൊണ്ടേയിരിക്കുന്നു. അതുകൊണ്ട് വാല്മീകിയുടെ ധാർമ്മികനായ രാമനേയും ധർമ്മപത്നിയായ സീതയേയും കഥാപാത്രങ്ങളാക്കുമ്പോഴും, ചരിത്രബോധം വഴിനടത്തുന്ന വൈലോപ്പിള്ളിക്കു തന്റെ സമത്വ സ്വാതന്ത്ര്യ



ദർശനങ്ങളെ പൂർണ്ണമായും കുടഞ്ഞെറിയുവാനാകുന്നില്ല. വില്ലൊടിച്ച് സീതയെ വേട്ട ശ്രീരാമനു, പ്രജാവത്സലനായ രാജാവായതിനുശേഷം സീതയ്ക്കുനേരെ നീണ്ട അപവാദങ്ങളുടെ വില്ലൊടിക്കാനായില്ല എന്നതും കാലങ്ങളിലൂടെ ഈ തെറ്റുകൾ തലമുറകൾ ആവർത്തിക്കുന്നു എന്നുമുള്ള അപ്രിയ ചരിത്ര സത്യങ്ങളെ "ദൗഷ്ട്യത്തിന്റെ കൊടുവില്ലൊടിയുന്നില്ല" എന്നു കവി നെടുവീർപ്പിടുന്നു. മനുഷ്യത്വത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ സ്നേഹവും സഹാനുഭൂതിയുമായിരിക്കെ അവയുടെ നിരാസമാണ് ഏതു കാലത്തേയും ദൗഷ്ട്യമെന്നു "ഒരു ദുർമണമേറ്റാൽ ചുളിയും മൂക്കും ഒരു ദൂനത കണ്ടാലുരുകും മിഴികളു"മുള്ള കവി വിശ്വസിക്കുന്നുണ്ട്. ഇവിടെ വാല്മീകിയുമായി വൈലോപ്പിള്ളി അനുരഞ്ജനപ്പെടുന്നു. ഒരു കിളിയുടെ നോവിൽ കണ്ണീർവാർത്ത ആ ആദികവിയുടെ കണ്ണീർ പെരുങ്കടലായി പരന്നൊഴികിയെത്തുമ്പോൾ വൈലോപ്പിള്ളിക്ക് എന്നല്ല മാനവികതയുടെ 'പൂഅടയാളമായുള്ള' ഒരു കവിക്കും ആ ഒഴുക്കിനെതിരെ നീന്താനാകില്ല എന്നതാണ് സത്യം.

ഓണപ്പാട്ടുകാർ, മാമ്പഴം, കുടിയൊഴിക്കൽ, സഹ്യന്റെ മകൻ, കണ്ണീർപ്പാടം, കന്നിക്കൊയ്ത്ത്.... വൈലോപ്പിള്ളിയുടെ ഈ മാസ്റ്റർപീസുകൾക്കെല്ലാം ശേഷമാണ് 1965 ൽ 'ഉജ്ജ്വലമുഹൂർത്തം' എഴുതുന്നത്. ഇതിനോടകം പ്രസാദാത്മകത, ജീവിതനൈരന്ത്യം, മനുഷ്യവീര്യസങ്കീർത്തനം, വിശ്വമാനവീകതാബോധം, വിപരീതാവസ്ഥകളുടെ സമന്വയം, കേരളീയത.... എന്നിവയെല്ലാം അല്പസ്വല്പ പദവ്യത്യാസങ്ങളോടെ വൈലോപ്പിള്ളിയെ പഠിച്ചവരെല്ലാം കവിമുദ്രകളായി, കവിതാസ്വത്വമായി അംഗീകരിച്ചു കഴിഞ്ഞിരുന്നു. ജീവിതവീക്ഷണങ്ങളും കാവ്യദർശനങ്ങളും സഞ്ചാരീഭാവങ്ങളല്ലാത്തതുകൊണ്ട് എഴുത്തിന്റെ മദ്ധ്യകാലത്തെഴുതിയ 'ഉജ്ജ്വലമുഹൂർത്ത'ത്തിലും ഇവയെല്ലാം മങ്ങിയും തെളിഞ്ഞും ചിതറിക്കിടപ്പുണ്ട്.

"അശ്രുവാൽ കടൽ തീർത്തോരാദിമ കവി പാടി..." എന്നാരംഭിക്കുന്ന കവിത അവസാനിക്കുന്നത് "ആദിമകവി വാർത്ത കണ്ണിനീരൊരു പെരുങ്കടലായിപ്പരക്കു"ന്നിടത്താണ്. ആദ്ധ്യാത്മിക ശക്തിക്കുവരെ ഈടുറപ്പ് നൽകുന്ന, വർഷങ്ങൾ ദീർഘിച്ച പരസ്പരധാരണയും വിശ്വാസവുംകൊണ്ട് പരിപക്വമതികളായ വൃദ്ധദമ്പതികൾ ; പരസ്പരം പ്രണയോദാരരായ യുവമിഥുനങ്ങളെ കണ്ടാഹ്ലാദിക്കുന്നതാണ് കവിതയുടെ ഇതിവൃത്തം. എന്നും വൈരുദ്ധ്യങ്ങളുടെ സമന്വയത്തിലൂടെ ജീവിതസമഗ്രതയെ ദർശിച്ച വൈലോപ്പിള്ളി ഇവിടേയും പതിവുതെറ്റിക്കുന്നില്ല. 'അശ്രുവിന്റെ കടലി'നും കണ്ണീരിന്റെ 'പെരുങ്കടൽപ്പരപ്പിനു'മിടയിലായി പുരണാത്തിലെ ഈ ചാരുദൃശ്യത്തെ ഘടിപ്പിച്ചിരിക്കുന്നു. സ്നേഹവൈകൃതങ്ങളുടെ ശീതസമരങ്ങളിൽ മൃതിയെ ദ്രവിപ്പിക്കും സ്നേഹത്തിന്നഗാധതയും, കണ്ണുനീർക്കുത്തിൽ നേരമ്പോക്കിൻ വെള്ളിമീൻചാട്ടവും കാണുന്നതുപോലെ പനിനീർപ്പൂവിന്റെ മുനകൂർത്തോരു മുള്ളിൻ കള്ളിയും അദ്ദേഹം തിരിച്ചറിയുന്നുണ്ട്. അതുകൊണ്ട് വ്രീളയാൽ മുഖംചോന്ന് താരാകീർണ്ണരാവുപോലെ രാമന്നരികെ കരൾചേർത്തും

കൈകൾ കോർത്തും സീത നിൽക്കുമ്പോൾ അനസൂയക്കെന്നപോലെ മുഗ്ദ്ധതയും നെഞ്ചിലെയിക്കിളിയും അനുഭവിക്കുന്നുണ്ടെങ്കിലും ചേർത്തുപിടിച്ച ആ കൈകൾക്കും കരളുകൾക്കും ആസന്നഭാവിയിൽ സംഭവിക്കാനിരിക്കുന്ന വിടവുകളെ, അനിഷേധ്യമായ ജാനകീ ദുഃഖത്തെ ആ ഉജ്ജ്വല മുഹൂർത്തത്തിൽ തന്നെ കവിക്കു ഓർക്കാതിരിക്കാനാകുന്നില്ല. ഒരു സന്ദർഭത്തിലും സുഖദുഃഖങ്ങളിൽ മതിമറക്കാത്ത കവി പുരാണത്തിൽനിന്നും കടംകൊണ്ട ഒരു ഇതിവൃത്തത്തെ വിവരിക്കുമ്പോഴും സുഖാനുഭവങ്ങളുടെ ക്ഷണികതയേയും വിധിയുടെ ആത്യന്തികതയേയും വിസ്മരിക്കുന്നില്ല. പൂവിനെ പൂമ്പാറ്റയായടുപ്പിക്കാനും ഇരുമീനുകൾക്കായി സാഗരം സൃഷ്ടിക്കാനും കെല്പുള്ള പ്രകൃതിക്ക് തന്നിൽ അഞ്ചിതരാഗം കൊക്കുരുമ്മിക്കൊണ്ടിരുന്ന കിളികളിലൊന്നിനുനേരിട്ട ദുർവിധിയിൽ നിസ്സഹായയും നിസ്സാരയുമായ സാക്ഷിയാകാനേ കഴിയുന്നുള്ളൂ എന്ന പരമാർത്ഥത്തെ അദ്ദേഹം നെടുവീർപ്പോടെ നിരീക്ഷിക്കുന്നു. ഒരനുഭവവും ഒരു ദൃശ്യവും ഏകപക്ഷീയമല്ലാത്തതുകൊണ്ടാണ് ഇത്തരം കാഴ്ചകൾ, നോട്ടങ്ങൾ ലഭിക്കുന്നത്. നിറവിന്റെ വർത്തമാനത്തിൽ നിന്ന് വറുതിയുടെ ഭാവിയിലേയ്ക്ക്, നഷ്ടവസന്തസ്ഥലികളിൽ നിന്ന് സമൃദ്ധവസന്തങ്ങളിലേയ്ക്ക് കവിഭാവന ചിറകടിച്ചുകൊണ്ടേയിരിക്കും. അനുഭവങ്ങളുടെ വൻകരകളിലേയ്ക്കു സഞ്ചരിക്കുന്ന ഈ കാവ്യഭാവനതന്നെയാണ് വൈലോപ്പിള്ളിയുടെ കവിത്വത്തിന്റെ ഭൂഷിത്വം.

"ആദ്ധ്യാത്മികം എന്നു പറയാവുന്ന മേഖലയിൽ ഏറെക്കുറെ എന്റെ കവിതകൾ ഒഴിഞ്ഞുനിൽക്കുന്നു. ഈശ്വരസാക്ഷാത്ക്കാരത്തെപ്പറ്റി ഞാൻ ഉൽക്കണ്ഠപ്പെടാറില്ല. ആദ്ധ്യാത്മികതലത്തിൽപെടുത്തിക്കാണാറുള്ള മറ്റ് പലതും, മനുഷ്യജീവിതത്തെ വിമലവും സ്വസ്ഥവും ഉത്കൃഷ്ടവുമാക്കാൻ ഇതിൽ ഏതെല്ലാം ഉതകുമോ അവയെ ഞാൻ വിലമതിക്കുന്നു." മാനവികതയെ തന്റെ കവിതകളുടെ അടിസ്ഥാനശിലയാക്കിയ വൈലോപ്പിള്ളിക്ക് ആദ്ധ്യാത്മികതയെക്കുറിച്ചുള്ള കാഴ്ചപ്പാടാണിത്. എന്തുകൊണ്ടും സ്വർഗ്ഗത്തേക്കാൾ ഭൂമിയും ദേവനേക്കാൾ മനുഷ്യത്വമുള്ള മനുഷ്യനേയുമാണ്(വൈലോപ്പിള്ളിക്ക് ദേവത്വം എന്നാൽ ഉത്തമനുഷ്യത്വമാണ്) കവി എന്നും ആദരിക്കുന്നത്.

"പാരിന്റെ ദാസിച്ചെറുമിയായ്പ്പോകയാൽ സൂരജേ നീയെന്തുയർച്ച നേടി!" എന്നു ദേവലോകത്തുടരുകളുള്ള പുരാണകഥാപാത്രങ്ങളെക്കൊണ്ടെല്ലാം കവി ഇത് അംഗീകരിപ്പിക്കുകയും ചെയ്യും. ഇതേ വിചാരങ്ങളുടെ തുടർച്ചയാണ്

"ഞങ്ങളൊന്നൊന്നീ ഞങ്ങളെന്നു നിങ്ങളുടെ ഹൃദ
യങ്ങളൊപ്പമേ ചൊല്ലുമദ്വൈതസൂക്തത്തിങ്കൽ
ഭാവിതന്നിളംകൊഞ്ചൽ കേൾക്കെ, യമ്മാതാവിനു
ദേവലോകവും തുച്ഛം, നിർഗ്ഗന്ധം ചിദാനന്ദം" എന്നീ വരികൾ.

കാക്കയും കണിക്കൊന്നയും കയ്പവല്ലരിയും കൊടിയടയാളമായ വൈലോപ്പിള്ളിക്കവിതകൾ സാർവ്വലൗകികതലത്തിലെത്തുമ്പോഴും അവയിലെ ഇമേജറികൾ കേരളീയതയെ ഘോഷിച്ചുകൊണ്ടിരിക്കും. തന്റെ പാട്ടുകളെല്ലാം ഓണപ്പാട്ടുകളാണെന്നു തന്നെയാണ് കവിയും പറയുന്നത്. അതുകൊണ്ടാകാം ദില്ലിയിൽ വാഴും ഷാഹൻഷായുടെ കൽത്തുറുങ്കിൽ കൈമണിഗഞ്ചിറ സിത്താറോടെ മീനയും കൂട്ടരും കൊട്ടിപ്പാടി ആഘോഷിക്കുന്നത് .കൃഷ്ണാഷ്ടമിയല്ല അഷ്ടമിരോഹിണി തന്നെ എന്നു തോന്നിപ്പോകുന്നത്. അതുപോലെ ആര്യാവർത്തത്തിലെ കാനനപരിസരം പശ്ചാത്തലമാകുന്ന 'ഉജ്ജ്വലമുഹൂർത്ത'ത്തിനു സാക്ഷിയാകുന്ന ആസ്വാദകൻ എത്തിനിൽക്കുന്നത് കേരളഗ്രാമത്തിലൊരിടത്ത് വീടിന്റെ അകത്തളത്തിൽ കൊച്ചുമകളുടെ വിശേഷങ്ങൾ തിരക്കുന്ന മുത്തശ്ശിയുടെ സമീപത്താണ്. സൂതർ മാമുനിയോടൊപ്പം അയോദ്ധ്യയിലേയ്ക്കു പോയ സമയത്ത് ഹരിനീലതൃണങ്ങളുടെ പട്ടുവിരിപ്പിലിരിക്കുന്ന സീത അനുഭവിപ്പിക്കാത്ത ഒന്നാണ് ഈ സീതയുടെ മലയാളച്ചന്തം.

വൈലോപ്പിള്ളി തന്റെ കവിതകളിലൂടെ വളർത്തിക്കൊണ്ടുവരുന്ന ഒരു ഗാർഹികമിത്തിനെക്കുറിച്ച് എൻ.എൻ. കക്കാട് പറയുന്നുണ്ട്. പ്രകൃതി പുരുഷന്മാരായ അച്ഛനമ്മമാരും അവരുടെ വർത്തമാനകാലത്തിലൂടെ, ഭാവിയിലേയ്ക്കു മറ്റൊരോണം നിർമ്മിക്കാൻ പോകുന്ന മകനുമടങ്ങുന്നതാണ് ആ ഗാർഹികമിത്ത്. അനന്തരതലമുറയിലൂടെ മൃതിയുടെ കൊടിപ്പടം താഴ്ത്തി ജീവിതാനശ്വര ഗീതമാലപിക്കാമെന്നു വിശ്വസിക്കുന്ന, എന്നും ജീവിതത്തിന്റെ നൈരന്തര്യത്തെ ഉപാസിക്കുന്ന കവി : 'ഭാവിതന്നിളം കൊഞ്ചൽ ' ദേവലോകത്തേയും ചിദാനന്ദത്തേയും വെല്ലുന്നു എന്ന് ഈ കവിതയിലും തന്റെ നിലപാട് ആവർത്തിച്ചുറപ്പിക്കുന്നുണ്ട്.

അങ്ങനെ 'ഉജ്ജ്വലമുഹൂർത്ത'വും വൈരുദ്ധ്യങ്ങളെ സമന്വയിപ്പിക്കുന്ന, വിധിയുടെ ആത്യന്തികതയെ അനുസ്മരിപ്പിക്കുന്ന ജീവിതത്തിന്റെ ചാക്രികതയെ അനുസരിക്കുന്ന 'വൈലോപ്പിള്ളിക്കവിത'യാകുന്നു.

എണ്ണിക്കുറയുന്ന പുരുഷായുസ്സിൽ കവിക്ക് സാരമായതു ചില മാത്രകൾ മാത്രമായ മുന്തിയ മുഹൂർത്തങ്ങളാണ്. മുഗ്ദ്ധമായൊരോർമ്മ, പിഞ്ഞിയ പട്ടുറുമാലിൻ മട്ടിലൊരു ഗാനം, പൂർവ്വസുകൃതങ്ങളിലേയ്ക്കു ക്ഷണപത്രമാകുന്നൊരു ഗന്ധം, ആർദ്രമായൊരു സ്പർശം, ഇങ്ങനെയെന്തും അദ്ദേഹത്തിനു മുന്തിയ മുഹൂർത്തങ്ങൾ തന്നെ. എന്നിട്ടും ഇവിടെ, അനസൂയ തന്റെ ആഗ്രഹപ്രകാരം വധുവായി അണിഞ്ഞൊരുങ്ങിയ സീതയെ രാമനോടൊപ്പം നിർത്തി നേർക്കുനേർ നിന്ന് ആ പൊരുത്തം ആസ്വദിക്കുന്ന മുഹൂർത്തത്തെയാണ് കവി ഉജ്ജ്വലമെന്നു വിശേഷിപ്പിക്കുന്നത്. പ്രകൃതി-പുരുഷ ദ്വന്ദ്വത്തെ അനുസ്മരിപ്പിക്കുന്ന സീതാരാമന്മാരുടെ ചേർച്ച കണ്ടിട്ടുണ്ടായ മാതൃനിർവ്വിശേഷമായ ഒരാനന്ദം മാത്രമല്ല ആ സന്ദർഭത്തെ നിർണ്ണായകമാക്കുന്നത് എന്നു തീർച്ച.

വ്രതശീലങ്ങൾ കർക്കശമാക്കിയ ഒരു സന്യാസിനിയും താൽക്കാലികമായി രാജസൗഭാഗ്യങ്ങൾ വിട്ടുനിൽക്കുന്നുവെങ്കിലു, ദുഷ്ക്കരമായ കാനനംപോലും സാമ്യമകന്നോരു ഉദ്യാനമായി തോന്നിപ്പിക്കുംവണ്ണം പ്രണയ

ജീവിതമകരന്ദം ഹൃദയത്തെ ത്രസിപ്പിക്കുന്ന ഒരു രാജകുമാരിയും തമ്മിലുള്ള സന്ധിപ്പാണത്. കാനനവാസക്ലാന്തി വാട്ടിയ തളിർമേനി/കാറ്റിലെ വാഴയ്ക്കൊപ്പം വിറയ്ക്കും മേനി എന്നീ പ്രത്യക്ഷവൈരുദ്ധ്യത്തേയും, വിരക്തി/ആസക്തി എന്നീ പരോക്ഷ വൈരുദ്ധ്യത്തേയും നിസ്സാരമാക്കുന്ന; അകക്കണ്ണുകൾകൊണ്ട് മാത്രം ദർശനീയമാകുന്ന ഒരു പൊരുത്തം അവർക്കിരുപേർക്കുമിടയിലുണ്ട്. അതാകട്ടെ പ്രകൃതി തന്നെയായ അനസൂയയും മണ്ണിൽനിന്നുപിറവിയെടുത്ത സീതയും തമ്മിലുള്ള സവിശേഷമായ ഇഴയടുപ്പമാണ്. വർഷത്തിലും, ഗ്രീഷ്മത്തിലും, ഹേമന്തത്തിലും പ്രകൃതിയുടെ ഭാവമാറ്റങ്ങളെ  മണ്ണും, മഴയായും വെയിലായും കാറ്റായും മണ്ണിന്റെഭേദങ്ങളെ പ്രകൃതിയും തൊട്ടറിയുന്നുണ്ട്. ഈ തിരിച്ചറിവുകളുടെ ആഴത്തെ ലൗകികജ്ഞാനംകൊണ്ട് അളക്കാനാകില്ല. അനസൂയയ്ക്കും സീതയ്ക്കും ഇടയിലുള്ള ഇത്തരത്തിലുള്ള പാരസ്പര്യമാണ് അവരുടെ സമാഗമത്തെ ഉജ്ജ്വലമാക്കുന്നത്. സീതയുടെ വർത്തമാനകാല ഹർഷധാരയിൽ അലിഞ്ഞു ചേരുന്ന അനസൂയ എന്ന 'അറിവിൽ നരച്ചോരി ശോകമൂകയാമമ്മ' വരും കാലങ്ങളിൽ സീതയെ ചുട്ടുപൊള്ളിക്കാനിരിക്കുന്ന സങ്കടഗ്രീഷ്മങ്ങളേയും ഇപ്പോഴേ അറിയുന്നുണ്ട്. അതുകൊണ്ടാകണം അനസൂയ സീതയ്ക്കു നൽകുന്ന പത്നീധർമ്മ ഉപദേശങ്ങളിൽ,

"നീചനാകിലും നാഥൻ ദൈവതം കുലസ്ത്രീക്ക്
നീ സുകൃതിനി, രാമൻ നിൻപ്രിയൻ ലോകപ്രിയൻ" എന്ന് രാമനെക്കുറിച്ചുള്ള പുകഴ്ത്തലുകളിൽ നിഗൂഢമായൊരു താക്കീത് ദീർഘനിശ്വാസംപോലെ ഒളിപ്പിച്ചുവച്ചത്. ദീർഘമാം തപസ്സിനാൽ നേടിയ കരുത്തുകൊണ്ട് അനസൂയ സീതക്കു നൽകുന്ന സമ്മാനങ്ങളിൽ ഭാവിയിലെ ദുരിതപർവ്വങ്ങളെ അതിതരണം ചെയ്യാനുള്ള ആത്മസ്ഥൈര്യംകൂടി അടക്കം ചെയ്തിരിക്കാം.

ആരബ്ധയൗവനത്തോടെ വിശിഷ്ടവസ്ത്രാഭരണവിഭൂഷിതയായി കണ്ണുകളിൽ, ശരീരഭാഷകളിൽ നിഴലിക്കുന്ന പ്രണയത്തിന്റെ അലകടലോടെ നിൽക്കുന്ന സീതയെ നോക്കിക്കാണാനും വിവാഹകഥകൾ കേൾക്കാനും ശുഷ്ക്കശരീരഹൃദയങ്ങളോടുകൂടിയ അനസൂയയുടെ വെമ്പലുകളെ ലൗകികതയുടെ ആദ്ധ്യാത്മികതയ്ക്കുമേലുള്ള വിജയമായി വ്യാഖ്യാനിക്കാനാകില്ല. അപൂർവ്വമായി മാത്രം സഭവിക്കുന്ന, ഗാർഹസ്ഥ്യത്തിന്റെയും ആദ്ധ്യാത്മികതയുടെയും ഇഴപിരിച്ചിൽ സുസാദ്ധ്യമാക്കിയ ഒരാളാണ് അനസൂയ. പാതിവ്രത്യശക്തികൊണ്ട് ത്രിമൂർത്തികളുടെ ചപല പരീക്ഷണങ്ങളെവരെ മറികടക്കുന്ന അനസൂയയ്ക്കു സീതാരാമന്മാരെ കാണുമ്പോൾ ലൗകിക തൃഷ്ണകളുടെ വേലിയേറ്റം സംഭവിക്കില്ല. അതുകൊണ്ട് ലൗകിക ആദ്ധ്യാത്മികതകൾ തമ്മിലുള്ള വടംവലികൾ ഇവിടെ വിഷയമേയല്ല. മത്സരമല്ല, പാരസ്പര്യമാണ് ഈ മുഹൂർത്തത്തിന്റെ ധന്യത.

സ്ത്രീവാദത്തിന്റെ രണ്ടാം അലയാണ് പെൺകുട്ടികളെകുറിച്ച് സംസാരിച്ചത്. പക്ഷെ സ്ത്രീവാദം സ്ത്രീകളനുഭവിക്കുന്ന അടിച്ചമർത്തലുകളുടെ



ഭൂമികയിലാണ് സ്ത്രീ സൗഹൃദങ്ങളുടെ സാധ്യത കണ്ടെത്തുന്നത്. ബെൽ ഹുക്സ് (Bell Hooks) ഈ പാരമ്പര്യത്തെ തിരുത്തുകയും സ്ത്രീകളുടെ പരസ്പര സൗഹൃദത്തിനു പുതിയ പാഠങ്ങളും പൊരുളുകളും നൽകുകയും ചെയ്തു. ഇതോടെ ഈ പെൺകൂട്ട് പെണ്മയുടെ തിരിച്ചറിവും സ്ത്രീ സ്വത്വശീലങ്ങളുടെ അംഗീകരണവുമാകുന്നു. ഈ അംഗീകരണത്തിന്റെ നിമിഷങ്ങളെ Light Bulb Moment എന്നാണ് വിളിക്കുന്നത്. ഇതുതന്നെയാണ് ഉജ്ജ്വലമുഹൂർത്തവും. അനസൂയ എന്ന ഇതിഹാസത്തിനു മുന്നിൽ സീത നമ്രശിരസ്കയാകുമ്പോൾ തന്റെ മുന്നിലെ യുവത്വത്തെ അവളിൽ, അന്തർലീനമായിരിക്കുന്ന സ്നേഹസൗശീലങ്ങളെ അനസൂയ അത്ഭുതാദരങ്ങളോടെ സാകൂതം  വീക്ഷിക്കുന്നു.

'എന്മകനേ ഞാൻ വിശ്വസിക്കുന്നു" എന്നു വാർദ്ധക്യം യുവത്വത്തെ ഇതിനു മുമ്പും വൈലോപ്പിള്ളിക്കവിതകളിൽ പ്രകീർത്തിക്കുന്നുണ്ട്. അനസൂയയുടെ മനസ്സിലും സീതയോട് തോന്നുന്ന സ്നേഹത്തിനു വാത്സല്യം എന്നുമാത്രം അർത്ഥം കൊടുത്താൽ പോരാ. 'നിന്നാൽ പ്രീതയും പ്രഹൃഷ്ടയുമാണെ'ന്ന അംഗീകരണമാണ് മുഖ്യം. 'നീ രാമനെ വേട്ട കഥ നിനക്കനുഭവപ്പെട്ട മാതിരി' വർണ്ണിക്കാൻ ആവശ്യപ്പെടുന്ന അനസൂയ പുരുഷപക്ഷവും പുരുഷാധിപത്യവുമുള്ള വിവാഹമല്ല, സീതയുടെ 'സ്വയംവര' കഥയാണ് കേൾക്കാനാഗ്രഹിക്കുന്നത് എന്നതും ഏറെ പ്രധാനമാണ്. ഇങ്ങനെ പെണ്മകൾ തമ്മിലുള്ള, മണ്ണും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യത്തിന്റെ തിരിച്ചറിവുകളാണ് ഈ സമാഗമത്തെ യഥാർത്ഥത്തിൽ ഉജ്ജ്വലമുഹൂർത്തങ്ങളാക്കുന്നത്.

വൈലോപ്പിള്ളിയുടെ കുടുംബ/ദാമ്പത്യസങ്കല്പങ്ങളോട് ചേർത്തു നിർത്തിയാണ് ഇ കവിതയെ അധികവും വായിച്ചിട്ടുള്ളത്. 'കണ്ണീർപ്പാട'ത്തിനുശേഷം എഴുതിയ ഈ കവിതയിൽ ദാമ്പത്യത്തെക്കുറിച്ചുള്ള തന്റെ ഉദാത്തസങ്കല്പങ്ങൾതന്നെയാണ് കവി വരഞ്ഞിടുന്നത്. എന്നാൽ, യാത്രാമദ്ധ്യേ സ്നേഹവൈകൃതത്താൽ ഇടറിപ്പോയ സ്വന്തം അനുഭവങ്ങളുടെ തിക്തതയാണ്, ആ നഷ്ടസ്വപ്നങ്ങളാണ് ഈ വരികളിലെ വെളിച്ചം എന്നു ധരിക്കുന്നതിനേക്കാൾ പലപല കവിതകളിലൂടെ ആവിഷ്കരിച്ച സ്ത്രീപുരുഷച്ഛായകൾ ഇതിലും അന്വേഷിക്കുന്നതാണ് യുക്തം. സമ്യക്കായ പ്രകൃതി പുരുഷപ്പൊരുത്തം സാധ്യമാക്കുന്ന അർദ്ധനാരീശ്വരസങ്കല്പംതന്നെയാണ് വൈലോപ്പിള്ളിയുടെ ദമ്പതീപ്രതീകം. വൈയക്തിക അനുഭവങ്ങൾ വിപരീതമാണെങ്കിലും സ്നേഹത്താൽ ബന്ധിതരായ സ്ത്രീപുരുഷന്മാർ പടുക്കുന്ന ദാമ്പത്യമെന്ന സ്ഥാപനം വൈലോപ്പിള്ളിക്ക് മനോഹരമായ  ആദർശംതന്നെയാണ്.

"ഈ മൂടൽമഞ്ഞിൽപ്പെട്ടു മരവിച്ചാലും, പോരാൻ
നീ കൂടെയുണ്ടെന്നുള്ളതാണെന്റെ മഹാഭാഗ്യം"
"ചൊല്ലിനേൻ ഭദ്രേ ചിതൽക്കേടിനാൽ വാടിപ്പോകാ-
തുള്ളിലുണ്ടല്ലോ നമുക്കൊരു ചെമ്പനീർത്തോട്ടം"

എന്നിങ്ങനെ തമ്മിൽത്തമ്മിലുള്ള സ്നേഹവിശ്വാസങ്ങളെ കവി ഏറെ പാടിയിട്ടുണ്ട്. കന്നിക്കൊയ്ത്ത്, ഊഞ്ഞാലിൽ, കണ്ണീർപ്പാടം എന്നീ കവിതകളിൽ ഈ ആദർശ ദമ്പതീചിത്രം സുവ്യക്തമാണ്. വാല്മീകി രാമായണത്തിലെ ഒരു സന്ദർഭം, കവിയുടെ ദാമ്പത്യസ്വപ്നങ്ങളെ ഊതിക്കാച്ചിയതാണ് ഈ കവിതയുടെ സൃഷ്ടിക്ക് കാരണമാകുന്നത്. പാതിവ്രത്യത്തിലൂന്നുന്ന സീത അനസൂയമാരും സീതയെ മതിപ്പോടെ കാണുന്ന ശ്രീരാമനും ('രാമചന്ദ്രനും കണ്ടു പുഞ്ചിരി പൊഴിക്കവേ') ഈ സ്വപ്നങ്ങളെ സാക്ഷാത്കരിക്കുന്നു.

സീതയെ സ്വയംവരപ്പന്തലിൽ നിൽക്കുന്ന മകളെപ്പോലെ കണ്ടാഹ്ലാദിക്കുന്ന അനസൂയയുടെ വർണ്ണനയിൽനിന്നും അയത്നലളിതമായി കവി കവിതയുടെ ഗതി മാറ്റുകയാണ്. തുടർന്ന് അനസൂയ പ്രകൃതിയും, സീത പ്രകൃതിയുടെ സ്വന്തം മകളുമാകുന്നു. 'പ്രകൃതിമാതാവ്' (Mother Nature) എന്ന സങ്കല്പം പുരാതനമാണ്. സ്ത്രീയേയും പ്രകൃതിയേയും സമന്വയിച്ചുകൊണ്ട് പല അടരുകളും പടർപ്പുകളുമായി വികസിച്ച തത്ത്വസംഹിത 90 കൾ മുതലാണ് പ്രബലമാകുന്നതെങ്കിലും, പരസ്പരം ഉപമിച്ചുകൊണ്ടുള്ള പരികല്പനകൾ വേദകാലം മുതലേ ഉണ്ട്. ഈ ഉപമകളുടെ പ്രധാനഹേതു ഉർവ്വരതയാണ്. പ്രകൃതി മാതാവ് എന്ന സങ്കല്പവും ഉർവ്വരതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ലോകത്തെവിടെയുമുള്ള സംസ്കാരങ്ങളിൽ ഇത്തരം പ്രകൃതി-മാതൃബിംബങ്ങളുടെ സങ്കലനം കാണാം. ഉർവ്വരത ഇരുകൂട്ടരേയും ജീവദായിനികളും സംരക്ഷകരുമാകുന്നു. 'ഉജ്ജ്വലമുഹൂർത്ത' ത്തിലെ അനസൂയയും ഈ പ്രകൃതി-മാതൃബിംബത്തിന്റെ പുനഃസൃഷ്ടിയാണ്. വൈലോപ്പിള്ളിയുടെ മാതൃബിംബം പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കുന്നത് എൻ. എൻ. കക്കാട് നിരീക്ഷിച്ചിട്ടുണ്ട്. കവിയുടെ സ്ത്രീപുരുഷ ദ്വന്ദ്വത്തെ 'സർവ്വാന്തർയാമിയും എന്നാൽ നിർല്ലേപനുമായ പുരുഷനിൽ ഗുണാത്മികയും സർവ്വജനനിയുമായ പ്രകൃതിയെ' ചേർക്കലാണെന്ന് അദ്ദേഹം വിശദീകരിക്കുന്നു. ഈ പ്രകൃതിക്ക് തന്നിലെ ഓരോ പെൺകിടാവും -അത് കിളിയോ. മീനോ. പുഴുവോ, പൂവോ ആകട്ടെ - സീതക്കുട്ടിയാണ്. അവരുടെയെല്ലാം വേളീമുഹൂർത്തങ്ങൾ സീതാസ്വയംവരംപോലെ വിലപിടിപ്പേറിയതും. അതിനായി എന്തും എത്രയും വേഗം ധൂർത്തടിക്കുവാൻ പ്രകൃതി തയ്യാറുമാണ്.

Mara Lynn Keller 'പ്രകൃതിമാതാവ്' എന്ന പുരാതന പ്രരൂപം ഒരിക്കലും തന്റെ മകൾക്കായി സഹനങ്ങൾ അനുഭവിക്കുന്നവളായല്ല പ്രത്യക്ഷപ്പെട്ടിരിക്കുന്നത് എന്നഭിപ്രായപ്പെടുന്നു. മറിച്ച് അവരുടെ ജനനം, ജീവിതഹർഷങ്ങൾ എന്നിവ ആഘോഷിക്കുകയാണ് ചെയ്തിരുന്നത്. പിതൃമേധാവിത്വ സമൂഹമാണ് സഹനം അമ്മയുടെ പര്യായമാക്കിമാറ്റിയത്. ഇവിടെ തന്റെ മക്കളുടെ വിവാഹവേളകളിൽ തനിക്കുള്ളതെല്ലാം ധൂർത്തടിക്കുന്ന പ്രകൃതിയുടെ ചിത്രണത്തിലൂടെ വൈലോപ്പിള്ളിയും ഈ പൗരാണിക മാതൃസങ്കൽപ്പത്തോട് തനിക്കുള്ള കൂറ് പ്രഖ്യാപിക്കുന്നു.



പരിസ്ഥിതിയുടെ ഏകതയെക്കുറിച്ച് താത്ത്വികമായി സംസാരിക്കുന്നത് ഗഹന പരിസ്ഥിതിവാദക്കരാണ്. "സർവ്വജീവജാലങ്ങൾക്കും മനുഷ്യന്റെ അധീശത്വമോ പ്രതികൂലമായ ഇടപെടലുകളോ ഇല്ലാത്ത തനിമയാർന്ന ജീവിതം സാധ്യമാക്കുന്ന" ഈ തത്ത്വദർശനം ചരാചരങ്ങൾക്ക് ഭൂമിയിലുള്ള തുല്യാവകാശത്തെയാണ് ഓർമ്മിപ്പിക്കുന്നത്. വലുത് -ചെറുത്. മനുഷ്യർ- മൃഗം എന്നീ ഭേദാഭാവങ്ങളിൽ നിന്നു മുക്തനാകുമ്പോൾ ഒരാൾ വിശുദ്ധ വിജ്ഞനാകുന്നു" എന്ന് ഇതേ ദർശനത്തെ ഭഗവദ്ഗീതയും ഉദ്ധരിക്കുന്നു. പ്രകൃതിയെ അതിന്റെ സാകല്യത്തിൽ കാണുക എന്നതാണ് ഭാരതീയ പരിസ്ഥിതി ദർശനത്തിന്റെ കാതൽ. വൈലോപ്പിള്ളിയുടെ പ്രകൃത്യാവബോധത്തിനു ദിശാബോധവും ഊർജ്ജവും ലഭിച്ചത് ഈ പ്രാക്തന സംസ്കൃതിയിൽ നിന്നാണെന്നതിനു സംശയമില്ല. അതുകൊണ്ട് രാജകുമാരിയായ സീതയുടെ സ്വയംവരകഥ കണ്ടും കേട്ടും നിൽക്കുന്ന അതേ നിമിഷത്തിൽ ഇണമീനുകൾക്കായി ഒരു സാഗരം തന്നെ തീർക്കാമെന്നും; വസന്തം, കേവലം രണ്ടു പൂവുകളുടെ വേളിക്കാലമാകാമെന്നും അദ്ദേഹത്തിനു വിഭാവന ചെയ്യാനാകുന്നു. ഇങ്ങനെ ചിന്തിക്കാൻ കാക്കയേയും എണ്ണപ്പുഴുവിനേയും കരിയിലാംപീച്ചികളേയും സഹ്യന്റെ മകന്റെ തലപ്പൊക്കത്തിനൊപ്പം നിർത്തിയ വൈലോപ്പിള്ളിക്കു മാത്രമേ സാധിക്കൂ.

അധികം പരത്തിപ്പറയാനോ 'ലഹരിപിടിച്ച് മനം മറന്നു പാടാനോ' ഇഷ്ടപ്പെടാത്ത വൈലോപ്പിള്ളി തനിക്ക് പറയാനുള്ളതെല്ലാം എല്ലുറപ്പോടെ കാച്ചിക്കുറുക്കുകയാണ്. എങ്കിലും തനിക്കിഷ്ടപ്പെട്ട ഭാഷാരീതി

"പുളിയില നേർകരമുണ്ട് മടക്കി -

പ്പൂവു നിറച്ചാളമ്മാളൂ" എന്ന മട്ടാണെന്നു സമ്മതിക്കുന്നുണ്ട്. തുടുവെള്ളാമ്പൽ പൊയ്കയല്ല ജീവിതത്തിന്റെ കടലേ കവിതയ്ക്കു മഷിപ്പാത്രമെന്നു കാല്പനികതയോട് പുറംതിരിഞ്ഞു നിൽക്കുമ്പോൾത്തന്നെ അനല്പസുന്ദരമായ ഭാവനയും കാല്പനികപദങ്ങളും എങ്ങനെ അദ്ദേഹത്തെ ഒറ്റിക്കൊടുത്തുവോ അതുപോലെ പ്രതിപാദ്യത്തിനിണങ്ങുന്ന ഭാഷാരീതി തെരഞ്ഞെടുക്കുമ്പോൾ പലപ്പോഴും തന്റെ ഈ ഇഷ്ടശീലുകളിൽ നിന്നു തെറിച്ചുപോകുന്നുണ്ട്. ഏതു രീതിയായാലും വൈലോപ്പിള്ളിക്ക് വാക്കുകൾക്കുമേലുള്ള അധികാര സ്വാതന്ത്ര്യങ്ങൾ അദ്ഭുതപ്പെടുത്തുന്നതാണ്.

"ദുഷ്പ്രഭുപ്പുലയാടികൾ പാർക്കു-

മിപ്പുരയ്ക്കിടിവെട്ടു കൊള്ളട്ടെ" എന്നും

"തേവിടിശ്ശീ നീയെന്തിനേ കഞ്ഞി

തേവിവെച്ചത് ചോറെനിക്കില്ലേ" എന്നും

"ചെറ്റയാം വിടൻ ഞാ, നിനിമേലിൽ

കഷ്ടമെങ്ങനെ കണ്ണാടി നോക്കും" എന്നും വൈലോപ്പിള്ളി എഴുതുമ്പോൾ ഇതിലെ കെട്ട വാക്കുകളെല്ലാം ഏതാര്യസഭയിലും പ്രവേശനം ലഭിക്കുന്ന ശ്രേഷ്ഠപദവിയിലേക്കുയരുന്നതു കാണാം.

വെളിച്ചത്തിന്റെ ഒരൊറ്റ നേർവരയിൽ നിന്നും ഏഴുവർണ്ണങ്ങൾ വിട

രുന്ന പോലെ, അക്ഷരങ്ങളെക്കൊണ്ട് ആശ്രമവും സ്വയംവരപ്പന്തലും, ആദ്ധ്യാത്മിക ഗൗരവവും വാത്സല്യാർദ്രതയും ഒരുപോലെ ഇവിടെ മാറിമാറി വിടരുകയാണ്. സീതാരാമന്മാർ പ്രവേശിക്കുന്നത് അത്രിമഹർഷിയുടെ ആശ്രമത്തിലേക്കായതുകൊണ്ട് 'സമാരാബ്ധകാനനവാസക്ലാന്തി വാട്ടിയ തളിർമേനി'യോടുകൂടിയാണ് സീത പ്രവേശിക്കുന്നത്. ആശ്രമത്തിൽ ഓടലെണ്ണതൻ സൗമ്യസ്നിഗ്ദ്ധമാം പ്രകാശത്തിൽ സീത 'ശുചിസ്മിത'യും 'താരാകീർണ്ണരാവു'പോൽ വിളങ്ങുന്നവളുമാണ്. ഇതേ സീത തന്റെ സ്വയംവരകഥ അനസൂയയ്ക്കു വിവരിച്ചുകൊടുക്കുമ്പോൾ വിരക്തമായ ആ ആശ്രമപരിസരത്തിൽ അക്ഷരങ്ങൾക്കൊണ്ടൊരു സ്വയംവരപ്പന്തലൊരുങ്ങുന്നു.' ഇന്ദ്രചാപത്തെ പൂണ്ട മുകിലിൻപടി ഛിന്നമാം ധനുസ്സേന്തി' നിൽക്കുന്ന രാമനെ ' ഇടിവെട്ടിടും വണ്ണം വിൽമുറിഞ്ഞൊച്ചകേട്ട് മയിൽപ്പേടയായ മൈഥിലിയെ' അനുസ്മരിപ്പിക്കുന്നു. സീതാരാമന്മാരുടെ പ്രണയാർദ്രതയിൽ ആശ്രമഗൗരവം അലിഞ്ഞലിഞ്ഞു പോകുന്നുണ്ട്. 'കിളിയും മാനും ചാഞ്ഞു' എന്ന് ഭംഗിയായി ആ ഭാവലയനത്തെ കവി തൊട്ടടുത്ത വരികളിലേയ്ക്കു കൂട്ടിക്കെട്ടുകയും ചെയ്തിരിക്കുന്നു.

ഇങ്ങനെ പുരാണേതിവൃത്തത്തിനു ചേരുന്ന സാത്വികഭാഷ സ്വന്തം ദർശനങ്ങളുടെ വ്യാഖ്യാനത്തിലെത്തുമ്പോൾ ചുവടുമാറുന്നതുകാണാം. അടിതെളിഞ്ഞ തന്റെ പ്രിയ നാട്ടുഭാഷയിലേയ്ക്ക് കവിത സ്വതന്ത്രയാകുകയായി. അവിടെ 'മണാളന്റെ' അരികിലാണ് തന്റെ മകളെ നിർത്തി 'ചന്തം' നോക്കുന്നത്. പുഴുവെ പൂമ്പാറ്റയായുടുപ്പിക്കുന്ന പ്രകൃതി 'തന്റെ പ്രിയ സീതക്കുട്ടി' രാമനെ വേൾക്കുമ്പോൾ പുളകം പൂണ്ടു നിൽക്കുന്നു. രാമായണസന്ദർഭങ്ങളിൽ നിന്നു വഴുതിമാറാനും കവി തന്റെ ആജ്ഞാനുവർത്തികളായ വാക്കുകളെത്തന്നെയാണ് ഉപയോഗിക്കുന്നത്. സീതയുടെ കഥകൾകേട്ട് രാമായണത്തിലെപ്പോലെ ഇവിടെ അനസൂയ വെറുതെ 'രസിക്കുകയല്ല', ആ കഥയിൽ ജീവിക്കുകയും 'പ്രേമവിസ്മയാഹ്ലാദവശയായി' ത്തീരുകയുമാണ്. സീതയെ ചമയങ്ങൾ ചാർത്തിക്കാണാൻ 'കൊതി' യുണ്ടെന്നു പറയുന്ന അനസൂയ പൊന്മകളുടെ വേളിപ്പന്തലിൽ അമ്മയെന്നപോലെ 'പുളകം കൊണ്ട്' 'അന്തരാകൃതാർത്ഥയാ' കുകയും ചെയ്യുന്നു. മാനുഷിക വികാരങ്ങൾക്കു മുന്നിൽ 'ചിദാനന്ദം നിർഗ്ഗന്ധമാണെന്നു വിശ്വസിക്കുന്ന വൈലോപ്പിള്ളി കൊതികൊള്ളിച്ചും പുളകമണിയിച്ചും അനസൂയയെ ഗൃഹസ്ഥയാക്കുന്നു. "എന്റെ അയൽപക്കത്തെ മുത്തശ്ശിപോലും മേഘച്ഛന്നമായ ആകാശം കാണുമ്പോൾ അതാ കണ്ണെഴുതി കുറിയും തൊട്ടു വന്നു നിൽക്കുന്നു എന്നാണ് പറയാറ്. ഇത്തരം നാടൻ മൊഴികളിൽ അലിഞ്ഞു ചേർന്ന അർത്ഥചമൽക്കാരങ്ങൾ എനിക്കു വളരെ പഥ്യമാണ്" എന്നാണ് കവിതയിലെ ആലങ്കാരികതയെക്കുറിച്ച് കവിക്കു പറയാനുള്ളത്. മേഘരൂപനായ, ഛിന്നമാം ധനുസ്സേന്തുന്ന രാഘവൻ; പ്രാതഃസ്മരണകളുയർത്തുമ്പോൾ 'കപോതമെയ്യൊളിയായ ഹോമപ്പുക' ആശ്രമവിശുദ്ധിയുടെ വേറിട്ട അടയാളമാകുന്നു. അലങ്കാരഭംഗിയിലൂടെ വാർന്നുവീണ



"ആർദ്രയായ് തൻ മക്കൾ തൻ കല്യാണരംഗത്തിങ്കൽ-
ദ്ധൂർത്തടിക്കുവോളല്ലോ, സ്വതപഃസുകൃതങ്ങൾ
ചെറുമീനിണയ്ക്കായി സാഗരം തീർപ്പൂ മാതാ-
വിരുപൂവിനു വേണ്ടി വസന്തം ചമയ്ക്കുന്നു " എന്നീ വരികളുടെ സാകല്യം അനിർണ്ണീതമാണ്.

കവിതകളെല്ലാം ഉരുക്കഴിച്ചു തീരുമ്പോൾ വൈലോപ്പിള്ളി പടക്കളത്തിലെ പൂമ്പാറ്റ, സഹ്യന്റെ മകൻ, ഓണപ്പാട്ടുകാരൻ... അല്ലെങ്കിൽ എല്ലുറപ്പിന്റെ, പ്രസാദാത്മകതയുടെ, ആത്യന്തികതയുടെ, സത്യസൗന്ദര്യമേളനങ്ങളുടെ പാട്ടുകാരൻ... ഈ വിശേഷണങ്ങളെല്ലാം എഴുതിവെട്ടി പറഞ്ഞു പഴകിയ ഒരു പദത്തോട് ആ കവിതകളെയെല്ലാം ചേർത്തുവയ്ക്കട്ടെ - അനുരഞ്ജനം. ഈ 'ഊജ്ജ്വലമുഹൂർത്ത'വും രഞ്ജിച്ചു നിൽക്കുന്നു... ആദികവിയോട്, ആദ്ധ്യാത്മികതയോട്, ലൗകികതയോട്, പ്രകൃതിയോട്, പിന്നെ ഏറ്റക്കുറവുകളില്ലാതെ പെണ്മയോട്...

റഫറൻസ് :


വൈലോപ്പിള്ളിക്കവിതകൾ-വൈലോപ്പിള്ളി ശ്രീധരമേനോൻ, സാ.പ്ര.സ.സം, 1984.

വൈലോപ്പിള്ളിക്കവിതാസമീക്ഷ-സമ്പാ:എസ്. രാജശേഖരൻ,കേ.ഭാ.ഇ, 1986.

വൈലോപ്പിള്ളി:കവിതയും ദർശനവും-സമ്പാ: എസ്. രാജശേഖരൻ, കേ. ഭാ.ഇ, 1994.

ഞാനിന്നിവിടെ പാടുംപോലെ - രാജശേഖരൻ, എൻ.ബി.എസ്., 1990

കാവ്യം അന്നരസമയം - പി. സോമൻ, സാ.പ്ര.സ. സംഘം , 1977.

The Deep Ecology - Ecofeminism Debate and it's Parallels, Environmental Ethics, 9, Summer, 1987

Feminist Theory - From Margin to Centre, Bell Hooks, 2000.

വൈലോപ്പിള്ളിക്കവിത- മേലത്ത് ചന്ദ്രശേഖരൻ, സാ.പ്ര.സ. സംഘം, 1977.